# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 13 | 2018 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

### അയ്യന് അർച്ചനയ്ക്കായുള്ള പൂക്കളെത്തുന്നത് ശബരി നന്ദനത്തുനിന്ന്

ശബരിമല അയ്യപ്പസ്വാമിക്ക് ഉഷപൂജയ്ക്കും മറ്റും കർമങ്ങൾക്കുമായുള്ള പുഷ്പങ്ങൾ ശേഖരിക്കുന്നത് സന്നിധാനത്തുള്ള 'ശബരി നന്ദനം' എന്ന പൂന്തോട്ടത്തിൽ നിന്ന്. അയ്യന് ഏറ്റവും പ്രിയപ്പെട്ടതും ശനിദോഷ പരിഹാരത്തിന് ഭക്തർ അർച്ചനയ്ക്ക് ഉപയോഗിക്കുന്ന ശംഖുപുഷ്പം ഉൾപ്പെടെ വിവിധ തരത്തിലും നിറത്തിലുമുള്ള പൂച്ചെടികളാണ് ഇവിടെ പരിപാലിക്കുന്നത്. ആറിനം അരളികൾ, റോസ, തെച്ചി, ചെമ്പരത്തി, കൃഷ്ണതുളസി, നന്ദ്യാർവട്ടം എന്നീ പുഷ്പങ്ങൾ നിറഞ്ഞതാണ് അരയേക്കർ വിസ്തൃതിയിലുള്ള ഉദ്യാനം. പന്നിയുടെ ശല്യമുള്ളതിനാൽ നാലുവശവും കമ്പിവലകൾ കൊ ് തിരിച്ച് ഗേറ്റുമിട്ടാണ് തട്ടുതട്ടായുള്ള തോട്ടം സുരക്ഷിതമാക്കിയിരിക്കുന്നത്. നെയ്യാറ്റിൻകര സ്വദേശി ശശികുമാർ, ചടയമംഗലം സ്വദേശി രഘു എന്നിവർ ചേർന്നാണ് തോട്ടം പരിപാലിക്കുന്നത്. പൊൻകുന്നം ചെറുവള്ളി ജഡ്ജി അമ്മൻ കോവിലിലെ ജീവനക്കാരനായ ശശികുമാർ 2015 മുതൽ അയ്യന്റെ പൂന്തോട്ടത്തിൽ സേവനനിരതനാണ്. മുൻകാലങ്ങളിലെക്കാൾ കൂടുതൽ ചെടികൾ കഴിഞ്ഞ മൂന്നു വർഷംകൊ ് വച്ചുപിടിപ്പിച്ചതായും ഇക്കഴിഞ്ഞ പ്രളയത്തിൽ തോട്ടത്തിലൂടെ വെള്ളം കവിഞ്ഞൊഴുകിയതിനാൽ ചെടികൾക്ക് ചെറിയതോതിൽ നാശം സംഭവിച്ചിരുന്നതായി ശശികുമാർ പറഞ്ഞു. ദിവസവും നാല് നേരവും ചെടികൾക്ക് വെള്ളം നനയ്ക്കാറു ന്നും സമായസയങ്ങ

ളിൽ ജൈവവളം പ്രയോഗിക്കാറുെ ന്നും മറ്റൊരു തോട്ടക്കാരനായ രഘു പ റഞ്ഞു.

(പി.ആർ. ശബരി-291)

## ഇന്ന് (ഡിസംബർ 14) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (ഡിസംബർ 14) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: മാന്നാർ മെഡിക്കൽസ് പത്തനംതിട്ട, ഷൈൻ മെഡിക്കൽസ് കോന്നി, ആശ്വാസ് കമ്മ്യൂണിറ്റി ഫാർമസി കോഴഞ്ചേരി, അരുൺ മെഡിക്കൽസ് അടൂർ, ക്രിസ്ത്യൻ മിഷൻ ഹോസ്പിറ്റൽ പന്തളം, അമ്പലത്തിങ്കൽ മെഡിക്കൽസ് തിരുവല്ല, സഫൽ മെഡിക്കൽസ് റാന്നി, എംറ്റിഎംഎം ബഥനി ഹോസ്പിറ്റൽ റാന്നി.

(പി.ആർ. ശബരി-292)

## ദിവസ വേതന നിയമനം

ശബരിമല മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന പോലീസ് മെസിലേക്ക് 650 രൂപ ദിവസ വേതന വ്യവസ്ഥയിൽ താത്ക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുവാൻ താത്പര്യമുള്ളവർ പേരും മേൽവിലാസവും തെളിയിക്കുന്ന രേഖകളും ബാങ്ക് അക്കൗ ് വിവരങ്ങളും സഹിതം ജില്ലാ പോലീസ് കാര്യാലയത്തിൽ പ്രവർത്തിക്കുന്ന ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഓഫീസിൽ ഇന്ന് നേരിട്ട് ബന്ധപ്പെടണം. ഫോൺ: 0468 2222600.

(പി.ആർ. ശബരി-293)

## സന്നിധാനത്തെ ആശുപത്രികളിൽ സൗജന്യമായി നൽകിയത് നാലുലക്ഷത്തിലേറെ രൂപയുടെ മരുന്ന്

*ചികിത്സ തേടിയത് 20537 അയ്യപ്പഭക്തൻമാർ

സന്നിധാനത്തെ ആയുർവേദ-ഹോമിയോ ആശുപത്രികളിൽ നിന്ന് ഇതുവരെ സൗജന്യമായി 432216 രൂപയുടെ മരുന്നും നൽകിയതായി ചീഫ് മെഡിക്കൽ ഓഫീസർ ഡോ: കെ വിശ്വനാഥ് പറഞ്ഞു. സീസൺ ആരംഭിച്ച് ഇതുവരെ 20537 അയ്യപ്പന്മാർ തേടിയെത്തിയതായി അദ്ദേഹം പറഞ്ഞു. ആശുപത്രിയിൽ ഒരു ലക്ഷം രൂപയുടെ മരുന്ന് സ്റ്റോക്കുെ ന്നും അദ്ദേഹം അറിയിച്ചു. നവംബർ 15 മുതൽ ഡിസംബർ 12 വരെയുള്ള കാലയളവിൽ ആയുർവേദ ആശുപത്രിയിൽ നിന്ന് മാത്രം 13443 അയ്യപ്പഭക്തർക്കാണ് സൗജന്യ ചികിത്സയും മരുന്നും നൽകിയത്. ഹോമിയോ ആശുപത്രിയിൽ നിന്ന് 7094 ഭക്തർക്കും ആരോഗ്യവകുപ്പിന്റെ സൗജന്യസേവനനവും ലഭിച്ചു. ഇതുവരെ 13281 പുരുഷൻമാരും 98 സ്ത്രീകളും 64 കുട്ടികളുമാണ് ആയുർവേദ ആശുപത്രിയെ ആശ്രയിച്ചത്. ഹോമിയോ സേവനം 4432 പുരുഷൻമാരും 146 സ്ത്രീകളും ഉപയോഗപ്പെടുത്തി. 24 മണിക്കൂറും പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രിയിൽ മുഴുവൻ സമയ സേവനത്തിനായി അഞ്ച് ഡോക്ടർമാർ, മൂന്ന് ഫാർമസിസ്റ്റ്, മൂന്ന് അറ്റൻഡന്മാർ, ഒരു പാർട്ട് ടൈം ജീവനക്കാരൻ എന്നിവർ ഉൾപ്പെടെ 14 പേരെയാണ് നിയോഗിച്ചിരിക്കുന്നത്. ഔഷധിയിൽ നിന്നുള്ള ആയുർവേദ മരുന്നുകൾ പത്തനംതിട്ട ഡി.എം.ഒ മുഖേനയാണ് സന്നിധാനത്തേക്ക് എത്തിക്കുന്നത്. ഇതിന് പുറമെ ര ് ജീവനക്കാരുള്ള ഫിസിയോതെറാപ്പി യൂനിറ്റും ഇവിടെയു ്. തെറാപ്പി യൂനിറ്റിൽ ഡിസംബർ 12 വരെ 3814 പേർക്കാണ് ചികിത്സ നൽകിയത്. ര ് ഡോക്ടർമാർ, ര ് ഫാർമസിസ്റ്റുകൾ, ര ് അറ്റൻഡർമാർ, ഒരു ക്ലീനർ എന്നിവരുടെ മുഴുവൻ സമയ സേവനം ലഭ്യമാകുന്ന ഹോമിയോ ആശുപത്രിയിൽ നിന്ന് 53303 രൂപയുടെ മരുന്നും ഇതുവരെയുള്ള കാലയളവിൽ സൗജന്യമായി നൽകിയതായി സൂപ്ര ് ഡോ: ടി.പി രമേശ് അറിയിച്ചു.

(പി.ആർ. ശബരി-294)

## ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ(14.12.18)

രാവിലെ
3 ന് ..... ക്ഷേത്രനട തുറക്കൽ
3.05 ന് ..... നിർമ്മാല്യം
3.15 മുതൽ ഉച്ചയ്ക്ക് 12വരെ നെയ്യഭിഷേകം
3.30 ന് ഗണപതി ഹോമം

7.30 ന് ഉഷപൂജ
12.40ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും

വൈകുന്നേരം
3 ന് നടതുറക്കൽ
6.30ന് ദീപാരാധന
7 ന് പുഷ്പാഭിഷേകം
രാത്രി 9.30 ന് അത്താഴപൂജ
10.50ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും ....

(പി.ആർ. ശബരി-295)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.